SUNDAY 28-08-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/08/2022.

1. കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആനയറ കാർഷിക നഗര വ്യാപാര മൊത്ത വിപണിയുടെയും വിപണിയിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെയും സംയുക്ത സംരംഭമായി **വേൾഡ് മാർക്കറ്റ് എക്സ്പോ 2022** സെപ്റ്റംബർ മാസം **5 മുതൽ 11** വരെ ആനയറ കാർഷിക നഗര വ്യാപാര മൊത്ത വിപണിയിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് പുത്തൻ കാർഷിക യന്ത്രങ്ങളുടെ പ്രദർശനം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, ആധുനിക കൃഷി സമ്പ്രദായങ്ങളുടെ നേർക്കാഴ്ചകൾ, ഫാം ടൂറിസം, ഓണവിപണികൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

2. തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയിൽ മല്ലി, കാബേജ്, കോളിഫ്ളവർ, മുളക്, പയർ തുടങ്ങിയ പച്ചക്കറി തൈകളും ഗംഗാബോണ്ടം തെങ്ങിൻ തൈകൾ തൈ ഒന്നിന് 200 രൂപയ്ക്കും, കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപയ്ക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ ചുവപ്പ് നിറത്തിലുള്ള ഡ്രാഗൺഫ്രൂട്ട് തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിലും ലഭ്യമാണ്.

3. മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിയിലെ ഗോവർദ്ധിനി പദ്ധതി 2022-23 പ്രകാരം തിരുവനന്തപുരം ജില്ലയിലെ മൃഗാശുപത്രികൾ വഴി നാലിനും ആറു മാസത്തിനുമിടയിൽ പ്രായമുള്ള 3000 പശുകുട്ടികളെ കന്നുകുട്ടി പാരിപാലന പദ്ധതിയിൽ ചേർക്കുന്നു. ഈ പദ്ധതിയിൽ അംഗമാകുന്ന പശുകുട്ടികൾക്ക് 12500 രൂപയുടെ തീറ്റ സബ്സിഡി 24 മാസമായി വിവിധ പാൽസൊസൈറ്റികൾ വഴി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

4. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2022 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റി**ലുള്ള ഒരു വർഷ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു / തത്തുല്യയോഗ്യത അല്ലെങ്കിൽ ബി.പി.പി.ആണ് യോഗ്യത. 10600 രൂപയാണ് കോഴ്സിന്റെ ഫീസ്. അപേക്ഷകൾ ഈ മാസം 31-ന് (ആഗസ്റ്റ് 31) മുമ്പായി

http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ ഡയറക്ടറേറ്റിലെ **0471 2339899** എന്ന ഫോൺ നമ്പരിലോ, സംസ്ഥാന നീർത്തട വികസന പരിപാലന വികസന പരിശീലന കേന്ദ്രത്തിലെ **9446446632, 9567305895** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

5. കോട്ടയം മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങളെ ഇരുപത്തിരണ്ടു (22/-) രൂപ നിരക്കിലും പൂവൻ കുഞ്ഞുങ്ങളെ പത്തു (10/-) രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ വച്ച് ഈ മാസം 29,30,31 (ആഗസ്റ്റ് 29, 30,31) തീയതികളിലായി **കാണം വിൽക്കാതോണമുണ്ണാം - നാടൻ വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനവും** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലഫീസ് 1000 രൂപയാണ്. താൽപ്പര്യമുള്ളവർ പേരും ഫോൺ നമ്പരും **953911517** എന്ന ഫോൺ നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ, tssvellayani@kau.in എന്ന ഇ-മെയിലിലേക്ക് അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ് കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കിമിന്റെ ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117, 9495118208** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 30, 31 തീയതികളിൽ **ആധുനികവും ശാസ്ത്രീയവുമായ ആടുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **04936 220399, 9847469516** എന്നീ ഫോൺ നമ്പറുകളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ബന്ധപ്പെട്ട് ഈ മാസം 27-നു (27.08.2022) മുമ്പായി അവരവരുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

8. **കൊല്ലം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- വെള്ളരി വർഗ വിളകളായ പാവൽ, പടവലം, വെള്ളരി, മത്തൻ, കുമ്പളം തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ സമയമാണ് സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള കാലം. ഇതിനാവശ്യമായ നല്ലയിനം വിത്തുകളുടെ ശേഖരണവും നിലമൊരുക്കലിനുള്ള തയ്യാറെടുപ്പുകളും ആരംഭിക്കാവുന്നതാണ്.
- മഴയെ തുടർന്ന് **കുരുമുളകിൽ ദ്രുതവാട്ടരോഗം** കാണാൻ സാധ്യതയുണ്ട്. രോഗം പ്രതിരോധിക്കുന്നതിനായി ഒരു ശതമാനം (1 %) വീര്യമുള്ള ബോർഡോ മിശ്രിതമോ കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ച് കൊടുക്കുക. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം 1 കിലോ ഒരു തടത്തിൽ എന്ന തോതിൽ ഇട്ടു കൊടുക്കുക.
- കൊയ്ത്തിനു പാകമായി വരുന്ന നെൽപ്പാടങ്ങളിൽ കൊയ്യുന്നതിനു രണ്ടാഴ്ച മുൻപായി വെള്ളം വാർത്തു കളയേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നത് വഴി എല്ലാ ഭാഗത്തുമുള്ള നെല്ല് ഒരേ മൂപ്പിലെത്താൻ സഹായകമാകും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം